ക്കൽ അവർ സമരം സംഘടിപ്പിച്ചിരിക്കുകയാണ്. വിശ്വകർമ്മ തൊഴിലാളികളെ പാരമ്പര്യ തൊഴിലാളികളായി അംഗീകരിക്കുക. 60 വയസ്സു കഴിഞ്ഞ എല്ലാ തൊഴിലാളികൾക്കും പെൻഷൻ നൽകുക, എല്ലാ വിശ്വകർമ്മ തൊഴിലാളികളെയും ക്ഷേമ പദ്ധതിയിൻകീഴിൽ കൊണ്ടുവരിക, സംവരണ തത്വം കൃത്യമായി പാലിക്കുക, പബ്ലിക് സർവ്വീസ് കമ്മീഷനിലും ദേവസ്വം ബോർഡിലും പ്രാതിനിധ്യം അനുവദിക്കുക, വിശ്വകർമ്മജർക്ക് സാമൂഹ്യ നീതിയും അവസര സമത്വവും ഉറപ്പാക്കുക, കോളേജ് വിദ്യാഭ്യാസ സംവരണം തുടങ്ങിയ ഇരുപത്തിയൊന്ന് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അവർ ഇന്ന് സമരം സംഘടിപ്പിച്ചിരിക്കുകയാണ്. എല്ലാ ജനവിഭാഗങ്ങളും ആശ്രയിക്കുന്ന ഒരു വലിയ ജനസമൂഹം എന്നുള്ള നിലയിൽ വിശ്വകർമ്മ സമൂഹത്തിൽപ്പെട്ട ആളുകളുടെ ആവശ്യങ്ങളോട് അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സ്വർണ്ണതൊഴിലാളികൾ ഉൾപ്പെടെയുള്ള സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുവരുടെയും മറ്റു ചെറിയ ജോലികളിലേയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളവരെയും കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി നിയമമാക്കി മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ആർട്ടിസാൻസ് അന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീമിൽ, ഇപ്പോൾ അവശേഷിക്കുന്നവരെയും ഉൾപ്പെടുത്തി നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി നിയമമാക്കിക്കൊണ്ട് സമഗ്ര നിയമനിർമ്മാണം നടത്തുന്നതിന് ബില്ല് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ ബിൽ നിയമമാകുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. സർക്കാർ സർവ്വീസിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങളിൽ സംവരണതത്വം കൃത്യമായി പാലിക്കുന്നുണ്ട്. ദേവസ്വം ബോർഡുകൾ 1950-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദുമത ധർമ്മ സ്ഥാപന നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാകയാൽ നിയമനത്തിനുള്ള റൂൾസ് പ്രസ്തുത നിയമമനുസരിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ നിയമനങ്ങൾ അതാതു ബോർഡുകൾ തന്നെയാണ് നടത്തുന്നത്. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഗവൺമെന്റിനു നേരിട്ട് ഇടപെടാനോ നിർദ്ദേശം കൊടുക്കാനോ അധികാരമില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള നിയമമനുസരിച്ചു ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്. സിക്ക് വിടണമെന്ന് നിർദ്ദേശിക്കാൻ സർക്കാരിനു കഴിയില്ല. അതുപോലെ വിശ്വകർമ്മജർക്ക് സാമൂഹ്യനീതിയും അവസര സമത്വവും നിഷേധിക്കപ്പെടുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു കഴിഞ്ഞിട്ടില്ല. കോളേജ് പ്രവേശനത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു മാത്രമേ സംവരണം ഏർപ്പെടുത്തിയിട്ടുള്ളൂ. വിശ്വകർമ്മജർ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരാകയാൽ മേൽപ്പടി വിദ്യാർത്ഥികൾക്ക് കോളേജ് പ്രവേശനത്തിന് സംവരണം നൽകിയിട്ടില്ല.

(5) ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ വനിതകൾക്ക് കൃഷിഭൂമി ലഭ്യമാക്കാനുള്ള പണം ദുരുപയോഗം ചെയ്തതു സംബന്ധിച്ച്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വനിതകളുടെ ഉന്നമനത്തിനുവേണ്ടി ബ്ലോക്കു പഞ്ചായത്തുകൾവഴി നടപ്പാക്കുന്ന പദ്ധതികളിൽ ഒന്നാണ് ഇവർക്ക് കൃഷിഭൂമി ലഭ്യമാക്കുക എന്നത്. ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ഇതിനായി നീക്കിവച്ച

LIBRARY ARCHIVES Kerala Legislative Assembly

പണം ദുർവിനിയോഗം ചെയ്ത നീചമായ നടപടിയാണ് ഉണ്ടായിരിക്കുന്നത്. സെന്റിന് ഇരുനൂറു രൂപപോലും വിലയില്ലാത്ത വെള്ളക്കെട്ടുള്ളതും കൃഷിയ്ക്ക് ഉപയുക്തമല്ലാത്തതുമായ ഭൂമിക്ക് സെന്റിന് രണ്ടായിരം രൂപ മതിപ്പുവില കണക്കാക്കി വാങ്ങിയിരിക്കുന്നു. ഈ പണം തിരിമറി നടത്തിയത് പുന്നിയൂർ ഗ്രാമപഞ്ചായത്ത് ഭരണാധികാരികൾ തന്നെയാണ്. പഞ്ചായത്തു പ്രസിഡന്റിന്റെ പേരിലുള്ള ചതുപ്പുനിലം മറ്റൊരാൾ കൈമാറുകയും അതു വാങ്ങുകയും ചെയ്തു. ഒരു വൻതുകയുടെ വെട്ടിപ്പാണ് ഇവിടെ നടത്തിയിരിക്കുന്നത്. ദുർബല വിഭാഗത്തിൽപ്പെട്ട വനിതകളെ കബളിപ്പിക്കുകയും സർക്കാരിന്റെ ധനം ദുരുപയോഗപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഇത് നിയമത്തോടും നീതിയോടുമുള്ള വെല്ലുവിളിയാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി. കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിച്ചില്ലെങ്കിൽ ഇത്തരം അഴിമതി വ്യാപകമായി ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ കൃഷിഭൂമി വാങ്ങുന്നതിൽ തട്ടിപ്പ് നടത്തിയ പുന്നയൂർ പഞ്ചായത്ത് ഭരണാധികാരികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നും സർക്കാരിന് നഷ്ടം വന്ന തുക തിട്ടപ്പെടുത്തി ഉത്തരവാദികളിൽനിന്നും ഈടാക്കാൻ സത്വര നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, 1997-98-ൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽനിന്നും പട്ടികജാതിയിൽപ്പെട്ട കൃഷിഭൂമിയില്ലാത്ത വനിതകൾക്ക് കൃഷിഭൂമി വാങ്ങി നൽകുവാൻ ഗ്രാന്റ് നൽകിയിരുന്നു. ഭൂമി വാങ്ങിയതിൽ ഗുരുതരമായ അഴിമതി നടന്നിട്ടുണ്ടെന്ന് ആക്ഷേപം ഉയർന്നുവന്നിരുന്നു. ധനകാര്യ പരിശോധനാ വിഭാഗം വിശദമായ പരിശോധന നടത്തിയ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കൃഷിക്ക് ഉപയുക്തമല്ലാത്ത സെന്റിന് വെറും 120 രൂപ വിലയുള്ള പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ആർ. മോയീൻകുട്ടിയുടെ വക സ്ഥലം അദ്ദേഹത്തിന്റെ ഏജന്റിന് കൈമാറ്റം ചെയ്യുകയും ഏജന്റുവഴി 7 പേർക്കുമായി വിൽക്കുകയുമാണ് ചെയ്തതെന്നും റിപ്പോർട്ടിൽ പറയുന്നു. 5 പേരുടെ ഗ്രാന്റ് പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും മറ്റ് രണ്ടുപേരുടെ ഗ്രാന്റ് പ്രസിഡന്റിന്റെ ഏജന്റിനും നൽകിയെന്നും പറയുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട വനിതകളെ കബളിപ്പിച്ച് ആനുകൂല്യം തട്ടിയെടുത്ത സംഗതി സർക്കാർ അതീവ ഗുരുതരമായിതന്നെ കാണുകയും പഞ്ചായത്തിന് ഉണ്ടാക്കിയ നഷ്ടം പുന്നയൂർ പഞ്ചായത്ത് പ്രസിഡന്റ് മോയീൻകുട്ടിയുടെ പക്കൽനിന്നും ഈടാക്കുന്നതിനും അദ്ദേഹത്തിനെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനും സർക്കാർ നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(6) പഞ്ചായത്തുകളിലെ ലൈബ്രറി-ശിശുമന്ദിരം ജീവനക്കാരുടെ ആവശ്യങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പതിനൊന്നിന പരിപാടിയനുസരിച്ച് നമ്മുടെ സംസ്ഥാനത്തിലെ ഗവൺമെന്റ് നേരത്തെ ലൈബ്രറികളും സാംസ്കാരിക നിലയങ്ങളും ശിശുമന്ദിരങ്ങളുമെല്ലാം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അവിടെ ലൈബ്രേറിയൻമാരായും ടീച്ചർമാരായും ആയമാരായും നിയമിക്കപ്പെട്ടിട്ടുള്ള കുറെ പാവപ്പെട്ടവരുടെ കാര്യമാണ് ഞാൻ പറയുന്നത്. ഏതാണ്ട് 10 വർഷക്കാലത്തിലധികം ജോലിചെയ്തിട്ടുള്ള ഇവരെ പഞ്ചായത്ത് ജീവനക്കാരായി അംഗീകരിക്കാൻ ഇനിയും തയ്യാറായിട്ടില്ല. അവരെ പഞ്ചായത്ത് ജീവനക്കാരായി അംഗീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവർക്ക് കിട്ടിയിരുന്ന നാമമാത്രമായിട്ടുള്ള പ്രതിഫലം

LIBRARY ARCHIVES Kerala Legislative Assembly